**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 587 — 13.01.2021-ലെ മറുപടിയ്ക്ക്

**<u>നടക്കാവ് സ്റ്റേഡിയം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.രാജഗോപാലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | തൃക്കരിപ്പൂർ നടക്കാവിലെ നിലവിലെ സ്റ്റേഡിയത്തിന് സമീപം നിർമ്മിക്കാൻ പ്രഖ്യാപിച്ച എം.ആർ. സി. കൃഷ്ണൻ സ്മാരക ജില്ലാ സ്റ്റേഡിയം പണിക്ക് കിഫ്ബിയിൽ നിന്നും തുക അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃർത്തി ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | 2016-17 ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച 14 അന്താരാഷ്ട്ര നിലവാരത്തിലുള്ള ജില്ലാ സ്റ്റേഡിയങ്ങളിൽ ഒന്നായ കാസർഗോഡ് ജില്ലയിലെ എം.ആർ.സി.കൃഷ്ണൻ സ്മാരക ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള ടെണ്ടറുകൾ ക്ഷണിച്ചിരുന്നുവെങ്കിലും കോവിഡ് -19 ന്റെ വ്യാപനത്തിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണം ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടറിന് ഇപ്പോൾ അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്റ്റേഡിയം പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**